**ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം**
**20-11-2025**

## ശബരിമല ദർശനം ;  സ്ലോട്ട് ബുക്കിംഗ്  5000 ആയി നിജപ്പെടുത്തി

ശബരിമല ദർശനത്തിന്  അനുവദിക്കുന്ന സ്പോട് ബുക്കിംഗ് 5000 ആയി  നിജപ്പെടുത്തി. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്നാണ് തീരുമാനം.  നിലയ്ക്കൽ,  വണ്ടിപ്പെരിയാർ കേന്ദ്രങ്ങളിൽ  മാത്രമാകും  സ്ലോട്ട്  ബുക്കിംഗ് ലഭ്യമാകുക.  പമ്പ, എരുമേലി, ചെങ്ങന്നൂർ  എന്നിവിടങ്ങളിലെ  സ്ലോട്ട്  ബുക്കിംഗ് താൽകാലികമായി   നിർത്തിവെച്ചു. നവംബർ 24  വരെയാണ് നിലവിൽ   നിയന്ത്രണങ്ങൾ  ഏർപ്പെടുത്തിയിരിക്കുന്നത്. ശബരിമല ദർശനത്തിന് എത്തുന്ന  ഭക്തർ  പരമാവധി വെർച്വൽ  ക്യൂ  വഴി  ദർശനത്തിനുള്ള സ്ലോട്ട് ഉറപ്പാക്കി  ദർശനം നടത്തണമെന്ന് തിരുവിതാംകൂർ  ദേവസ്വം  ബോർഡ് അഭ്യർത്ഥിച്ചു.

## ശബരിമലയിൽ തിരക്ക് പൂർണമായും നിയന്ത്രണ വിധേയം : ശബരിമല എ ഡി എം ഡോ. അരുൺ എസ് നായർ

ശബരിമലയിൽ തിരക്ക് പൂർണമായും നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചുവെന്ന് ശബരിമല എ ഡി എം ഡോ. അരുൺ എസ് നായർ.  മണ്ഡല – മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി സന്നിധാനത്തെ ദേവസ്വം കോൺഫറൻസ് ഹാളിൽ ചേർന്ന വകുപ്പുകളുടെ അവലോകന യോഗത്തിന്  ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ഭക്തർക്കും സുഗമവും സുരക്ഷിതവുമായ  ദർശനം ഉറപ്പാക്കിയിട്ടുണ്ട്. തീർത്ഥാടനം നാലാം ദിവസത്തിലേക്ക് കടക്കുമ്പോൾ  ആദ്യ ദിവസങ്ങളിൽ  ഉണ്ടായിരുന്ന പോരായ്മകൾ പൂർണമായും പരിഹരിച്ചു. തീർഥാടനകാലം ഏറ്റവും മികവുറ്റതാക്കാൻ എല്ലാ വകുപ്പുകളും ദേവസ്വം ബോർഡും കൂട്ടായ പരിശ്രമം നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അടിയന്തര വൈദ്യസഹായം, തിരക്ക് നിയന്ത്രണം, ശുചീകരണം, കുടിവെള്ളം, ഭക്ഷണം തുടങ്ങിയ വിഷയങ്ങളാണ് യോഗം ചർച്ച ചെയ്തത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്പോട് ബുക്കിംഗ് എണ്ണം കുറച്ചിട്ടുണ്ട്. തീർഥാടകർ വിർച്വൽ ക്യൂവിലൂടെ തന്നെ എത്താൻ ശ്രമിക്കണം. തങ്ങൾക്ക് അനുവദിച്ച തീയതിയിലും സമയത്തും തന്നെ ദർശനം നടത്താൻ എത്തിച്ചേരണം . ദേവസ്വം ബോർഡിന്റെയും പൊലീസിന്റെയും മറ്റു വകുപ്പുകളുടെയും നിർദേശങ്ങൾ പാലിക്കണം. എല്ലാവരുടെയും സഹകരണത്തോടെയും പിന്തുണയോടെയും തീർഥാടനം സുഗമവും വിജയകരവുമാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. സന്നിധാനം പൊലിസ് സ്പെഷ്യൽ ഓഫീസർ എം എൽ സുനിൽ, ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് സനിൽകുമാർ, ദേവസ്വം എക്സിക്യുട്ടീവ് ഓഫീസർ ഒ ജി ബിജു, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ശബരിമല മേൽശാന്തിയ്ക്ക് ഛായാചിത്രം സമ്മാനിച്ച് ലിനിൻ

ശബരിമല മേൽശാന്തി ഇ ഡി പ്രസാദ് നമ്പൂതിരിക്ക് അദ്ദേഹത്തിന്റെ ഛായാചിത്രം സമ്മാനിച്ച് ഫയർഫോഴ്സ് ഉദ്യോഗസ്ഥനായ കെ. ലിനിൻ. ആദ്യമായാണ് ലിനിൻ ശബരിമലയിൽ ഡ്യൂട്ടിയ്ക്ക് എത്തുന്നത്. മേൽശാന്തിയെ ആദ്യം കണ്ട് സംസാരിച്ചപ്പോൾ മുതൽ അദ്ദേഹത്തിന്റെ ചിത്രം വരയ്ക്കണമെന്ന ആഗ്രഹം മനസിലുണ്ടായിരുന്നു. ഡ്യൂട്ടിക്കിടെയുള്ള വിശ്രമവേളയിലാണ് രണ്ട് മണിക്കൂറോളമെടുത്ത് പേന കൊണ്ട് ചിത്രം വരച്ചത്. സോപാനത്തെത്തി മേൽശാന്തിയെ നേരിൽ കണ്ട് ചിത്രം സമ്മാനിച്ചപ്പോൾ കൂടുതൽ സന്തോഷം. അവിചാരിതമായി ലഭിച്ച ഉപഹാരത്തിൽ ഏറെ സന്തോഷമുണ്ടെന്ന് ലിനിനെ പൊന്നാടയണിച്ച് ആദരിച്ച് പ്രസാദ് നമ്പൂതിരി പറഞ്ഞു. ഡിസ്ട്രിക് ഫയർഫോഴ്സ് ഓഫീസർ എസ് സൂരജ്, സ്റ്റേഷൻ ഓഫീസർ അർജുൻ കൃഷ്ണൻ, വകുപ്പിലെ മറ്റു ഉദ്യോഗസ്ഥരും കൂടെയുണ്ടായിരുന്നു.

കാസർഗോഡ് പാലക്കുന്ന് സ്വദേശിയായ ലെനിൻ സ്കൂൾകാലഘട്ടം മുതലേ ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. ഛായാചിത്രങ്ങളാണ് ഏറ്റവും ഇഷ്ടം. ചിത്രകല പഠിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയ നേതാക്കാളും സിനിമാ താരങ്ങളും സഹപ്രവർത്തകരുമെല്ലാം ലിനിന്റെ കാൻവാസിൽ മനോഹരമായി തെളിഞ്ഞിട്ടുണ്ട്. മരത്തിൽ ശിൽപങ്ങൾ കൊത്തിയുണ്ടാക്കുന്നതും വശമുണ്ട്. രണ്ട് സിനിമകളിൽ അസിസ്റ്റന്റ് എഡിറ്ററായി ജോലി ചെയ്തിട്ടുള്ള ലിനിൻ ഗായകൻ കൂടിയാണ്.  സന്നിധാനത്തെ ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ഫയർഫോഴ്സ് നടത്തുന്ന ഗാനാർച്ചനയിൽ പങ്കെടുക്കുന്നുണ്ട്. ലീല- നാരായണൻ ദമ്പതികളുടെ മകനായ ലിനിന് എല്ലാ പിന്തുണയുമായി രക്ഷിതാക്കളോടൊപ്പം ഭാര്യ അഞ്ജുവുമുണ്ട്.

## മാസ് ക്ലീനിംഗ് ഡ്രൈവും ക്യൂ കോംപ്ലക്സുകളിൽ ശുചിത്വ പരിശോധനയും നടത്തി

സന്നിധാനം മുതൽ മരക്കൂട്ടം വരെ മാസ് ക്ലീനിംഗ് ഡ്രൈവും ക്യൂ കോംപ്ലക്സുകളിൽ ശുചിത്വ പരിശോധനയും നടത്തി.ശബരിമല എ ഡി എം ഡോ. അരുൺ എസ് നായരുടെ മേൽനോട്ടത്തിലാണ് പരിശോധന നടന്നത്. സന്നിധാനം പരിസരത്തെയും മരക്കൂട്ടം വരെയുള്ള പ്രദേശങ്ങളിലെയും ജൈവ-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തു. മരക്കൂട്ടം- ശരംകുത്തി - സന്നിധാനം പാതയിലെ ക്യൂ കോംപ്ലക്സുകളിൽ ഇരിപ്പടങ്ങളും ശൗചാലയങ്ങളും കൃത്യമായ ഇടവേളയിൽ വൃത്തിയാക്കണമെന്ന്

ശുചീകരണ തൊഴിലാളികൾക്കും സൂപ്പർവൈസർക്കും നിർദ്ദേശം നൽകി. തീർഥാടന പാതകളും ശൗചാലയങ്ങളും വൃത്തിയാക്കുന്നതിന് 400ൽ അധികം തൊഴിലാളികളെ വിന്യസിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ശുചീകരണം ഉറപ്പാക്കുന്നതിന് സൂപ്പർവൈസർമാരെയും നിയോഗിച്ചു. മരക്കൂട്ടത്ത് സ്ഥാപിച്ചിട്ടുള്ള എട്ട് ക്യൂ കോംപ്ലക്സുകളിലാണ് പരിശോധന നടത്തിയത്. ഇവിടെ നൂറിലധികം ശൗചാലയങ്ങളും

തീർഥാടകർക്ക് ഇരിക്കുവാൻ ഇരിപ്പിടങ്ങളും ഉണ്ട്. ഭക്തർക്ക് കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന്

ഉറപ്പാക്കി. വിശുദ്ധി സേനാംഗങ്ങളും ദേവസ്വം ബോർഡ് നിയമിച്ച ശുചീകരണ തൊഴിലാളികളുമാണ് നവംബർ 20ന് മാസ് ക്ലീനിംഗ് നടത്തിയത്. വരും ദിവസങ്ങളിലും തുടരും. ജൈവ– അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ചാണ് നീക്കം ചെയ്തത്. ദേവസ്വം ബോർഡിന്റെ കീഴിൽ ശുചീകരണ തൊഴിലാളികൾ ശുചിമുറികളും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ട്. പരിശോധനയിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ബി അഖിലേഷ് കുമാർ, ദേവസ്വം ബോർഡ് മരാമത്ത് വിഭാഗം അസി. എഞ്ചിനീയർ ജി മനോജ്കുമാർ,  മറ്റ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.